വിദ്യാസമ്പന്നരായ യുവജനങ്ങളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിന് പദ്ധതി

7 (*367) ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാസമ്പന്നരായ യുവജനങ്ങളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനും ആ മേഖലയിൽ തുടരത്തക്കവിധത്തിൽ കൃഷി ആദായകരമാക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് മുൻ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സമാഹരിച്ച തുക ഉദ്ദേശിച്ച രീതിയിൽ വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) വിദ്യാസമ്പന്നരായ യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ കൃഷിവകുപ്പ് നടപ്പാക്കി വരുന്നു.

1. അനുയോജ്യപ്രദേശങ്ങളിലെ പൂകൃഷി വികസനം
2. വ്യാവസായികാടിസ്ഥാനത്തിൽ പൂക്കൃഷി
3. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി
4. നിയോജകമണ്ഡലങ്ങൾതോറും ഓരോ സമൃദ്ധി സ്റ്റോർ വീതം തുടങ്ങി അവയിലൂടെ നടീൽ വസ്തുക്കളും കാർഷിക വസ്തുക്കളും വിൽക്കുന്ന പദ്ധതി.
5. കാർഷിക യന്ത്രവൽക്കരണ പദ്ധതി
6. സമഗ്ര പച്ചക്കറി വികസന പദ്ധതി

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 'ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി' ഇപ്പോഴും നിലവിലുണ്ട്.

(ഡി) പദ്ധതി പ്രകാരം സമാഹരിച്ച തുകയിൽനിന്നും അംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകി വരുന്നു.

അമ്പലങ്ങളിൽ ജനകീയ കലാപരിപാടികൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്

8 (*368) ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. പി. നാരായണൻ:
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :

LIBRARY ARCHIVES Kerala Legislative Assembly